## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5978** **17-03-2023 - ൽ മറുപടിയ്ക്ക്**

## അബ്കാരി കുടിശിക തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അബ്കാരി കുടിശിക തുക എത്രയാണെന്ന് അറിയിക്കാമോ; | (എ) | അബ്കാരി കുടിശികയിനത്തിൽ 31.01.2022 വരെ, മുതൽ ഇനത്തിൽ 57,91,02,497/- രൂപയും പലിശയിനത്തിൽ 223,37,62,074/- രൂപയുമായി ആകെ 281,50,42,967/- രൂപ കുടിശികയായി നിലനിൽക്കുന്നു. |
| (ബി) | നിലവിൽ ഏത് സാമ്പത്തിക വർഷം വരെയുള്ള അബ്കാരി കുടിശിക കണക്കാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 2021-22 വരെയുള്ളത് കണക്കാക്കിയിട്ടുണ്ട്. |
| (സി) | അബ്കാരി കുടിശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (സി) | അബ്കാരി കുടിശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടില്ല. |
| (ഡി) | പ്രസ്തുത തുക എഴുതി തള്ളുന്നതിനായി ബന്ധപ്പെട്ട വകുപ്പിൽ നിന്നും ധനകാര്യ വകുപ്പിലേയ്ക്ക് അനുമതി ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | അബ്കാരി കുടിശിക തുക എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട്, ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും കുടിശികക്കാരന്റെ പേരിൽ സ്ഥാവര, ജംഗമ സ്വത്തുവകകൾ ഇല്ലെന്ന നിർധന സാക്ഷ്യപത്രം സഹിതം എക്സൈസ് കമ്മീഷണർ ലഭ്യമാക്കുന്ന ശിപാർശകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ എഴുതിത്തള്ളുന്നതിനുള്ള അനുമതി നൽകാറുണ്ട്.<br><br>പൊതുവായി അബ്കാരി കുടിശിക എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട ഫയലുകളൊന്നും ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടില്ല. എന്നാൽ, പ്രത്യേക കേസുകളായി വ്യക്തികളുടെ പേരിലുള്ള അബ്കാരി കുടിശിക എഴുതിതള്ളുന്നത് സംബന്ധിച്ച് ഭരണവകുപ്പ് പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ഓരോ കേസിന്റെയും യോഗ്യത അടിസ്ഥാനപ്പെടുത്തി പിരിച്ചെടുക്കാൻ യാതൊരു നിർവ്വാഹവുമില്ലാത്ത കേസുകളിൽ കുടിശിക എഴുതി തള്ളാൻ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ